## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയിലെ ജോലി സമയം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2972 — 20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, വി.ഡി. സതീശൻ<br>,, സി.പി.മുഹമ്മദ്<br>,, ഹൈബി ഈഡൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി സമയം പുനർനിർണ്ണയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തി സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ (ഉച്ചയ്ക്ക് 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ) ആയിരുന്നു. 17.08.2012 മുതൽ സംസ്ഥാനത്തെ ജോലിസമയം കേന്ദ്രസർക്കാർ അനുമതിയോടെ പുനർനിർണ്ണയിച്ചു രാവിലെ 9 മുതൽ വൈകുന്നേരം 5 മണിവരെയാണ്. ഇത് പുനർ നിർണ്ണയിച്ചിട്ടില്ല. |
| ബി | പുനർനിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | പ്രവൃത്തി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ (ഉച്ചയ്ക്ക് 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ) ആയാണ് നിജപ്പെടുത്തിയിട്ടുള്ളത് |
| സി) | ജോലി സമയത്തിൽ വരുന്ന കുറവ് എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ; | സി) | ഒരു തൊഴിലാളി എസ്റ്റിമേറ്റ് പ്രകാരം ഒരു ദിവസം ചെയ്യേണ്ടി വരുന്ന പ്രവൃത്തിയുടെ അളവിൽ കുറവ് വരുത്താതെയാണ് ജോലി സമയം പുനർക്രമീകരിച്ചിട്ടുള്ളത്. |
| ഡി) | ഇത് സംബന്ധിച്ച് കൂലിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) | 1.04.2014 മുതൽ കേരളത്തിലെ അവിദഗ്ദ്ധ തൊഴിൽ കൂലി 212/- രൂപയാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ